നം.സി.എസ്(4) 9175/2008

സഹകരണസംഘം രജിസ്ട്രാർ ഓഫീസ്
തിരുവനന്തപുരം, തീയതി, 12.5.2008.

## സർക്കുലർ നമ്പർ.31/08

വിഷയം:- സഹകരണ വകുപ്പ് - സ്കൂൾ /കോളേജ് സഹകരണ സംഘങ്ങൾ ത്രിവേണി നോട്ടു പുസ്തകങ്ങൾ വാങ്ങി വില്പന നടത്തണമെന്ന നിർദ്ദേശം സംബന്ധിച്ച്.

സൂചന:- സഹകരണ സംഘം രജിസ്ട്രാറുടെ 16.3.2002 - ലെ സി.എസ്.(4) 6227/02-ാം നമ്പർ സർക്കുലർ.

**************

എല്ലാ സ്കൂൾ/കോളേജ് സഹകരണ സംഘങ്ങളും വിദ്യാർത്ഥികൾക്കാവശ്യമായ നോട്ടു പുസ്തകങ്ങൾ, ത്രിവേണി സ്റ്റോർ/സൂപ്പർ ബസ്സാറിൽ നിന്നും വാങ്ങി വിതരണം ചെയ്യണമെന്ന് സൂചന സർക്കുലർ മുഖേന നിർദ്ദേശം പുറപ്പെടുവിച്ചിരുന്നുവെങ്കിലും സംസ്ഥാനത്തിലെ ചില സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾ സ്വകാര്യ കച്ചവടക്കാരിൽ നിന്നും നോട്ടു പുസ്തകങ്ങൾ വാങ്ങി വില്പന നടത്താൻ വ്യഗ്രത കാണിക്കുന്നതായി ഈ ആഫീസിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. സ്വകാര്യ കച്ചവടക്കാരിൽ നിന്നും ഏജൻസികളിൽ നിന്നും യാതൊരു ഗുണമേന്മയുമില്ലാത്ത നോട്ടു പുസ്തകങ്ങൾ ചില സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾ, വാങ്ങി വിൽപന നടത്തുന്നത് സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഉപകാരപ്രദമല്ലെന്ന് മാത്രമല്ല, ടി പ്രവർത്തി സഹകരണ മേഖലയുടെ തളർച്ചയ്ക്ക് മാത്രമേ ഉപകരിക്കു എന്നും, സർവ്വോപരി വിദ്യാർത്ഥികൾക്ക് ഗുണകരമല്ലെന്നും കാണുന്നു. കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ , സഹകരണ സംഘങ്ങൾ മുഖേന ഗുണ നിലവാരമുള്ള ത്രിവേണി നോട്ടു പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് നടപടികൾ കൈക്കൊള്ളുമ്പോൾ തന്നെ ആയതിന് വിരുദ്ധമായി ചില സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾ, ഗുണനിലവാരം ഇല്ലാത്ത നോട്ടു പുസ്തകങ്ങൾ വിൽക്കുന്നതിന് വ്യഗ്രത കാണിക്കുന്നത് സംശയാസ്പദമാണ്. ആയതിനാൽ എല്ലാ സ്കൂൾ/കോളേജ് സഹകരണ സംഘങ്ങളും കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ നിർമ്മിച്ച് നൽകുന്ന ത്രിവേണി നോട്ടു പുസ്തകങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. എല്ലാ സ്കൂൾ/കോളേജ് സഹകരണ സംഘങ്ങളുടേയും ഹോൾ സെയിൽ സ്റ്റോറുകളുടേയും ഒരു യോഗം ജോയിന്റ് രജിസ്ട്രാർമാർ, ജില്ലാ തലത്തിൽ വിളിച്ചു ചേർത്ത് ത്രിവേണി നോട്ടു പുസ്തകങ്ങൾ വിൽക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതാണ്.

സ്കൂൾ/കോളേജ് പരിശോധന വേളയിൽ, നോട്ടു പുസ്തകങ്ങളുടെ വിൽപന അവലോകനം ചെയ്യേണ്ടതും, നോട്ടു പുസ്തകത്തിന്റെ വിൽപനയിൽ ക്രമരഹിതമായ പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

ഒപ്പ്

കെ.വി. സുരേഷ്ബാബു

സഹകരണ സംഘം രജിസ്ട്രാറുടെ ചുമതല

വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

പകർപ്പ് -

1. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
2. എല്ലാ ഹോൾസെയിൽ സ്റ്റോറുകൾക്കും
3. എല്ലാ സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾക്കും (ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
4. മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കോ- ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ അവിടിലേയ്ക്കും, ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും)
5. സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം,

സഹകരണ സംഘം രജിസ്ട്രാർക്കുവേണ്ടി.